ശ്രീ. ഈ. പി. ഗോപാലൻ : തെറ്റായ രീതിയിൽ റിപ്പോർട്ടുകൾ അയപ്പിച്ചു, തൽപരകക്ഷികളുടെ ആവശ്യം അനുസരിച്ചു, കള്ളിച്ചുക്കുട്ടി ശ്രമം നടത്തി റിപ്പോർട്ടുകൾ അയപ്പിച്ചു അർഹതയുള്ള ഉദ്യോഗങ്ങൾ കിട്ടാതായാൽ അതിന്മേൽ പരമാവധി തീരുമാനം എടുക്കുന്നതു് ആരാണു് ? അങ്ങനെ തീരുമാനം എടുക്കുന്നതിനുമുൻപു് എന്തെല്ലാമാണു പരിശോധിക്കുക? എന്തെല്ലാം തെളിവെടുക്കും? ആരെങ്കിലും കള്ളറിപ്പോർട്ടു് അയച്ചതിന്റെ ഫലമായി ജോലിനഷ്ടപ്പെട്ട നിർഭാഗ്യവാനായ സങ്കടകക്ഷിയോടു് നേരിട്ടു് എന്തെങ്കിലും അന്വേഷണം നടത്താറുണ്ടോ ?

ശ്രീ. പി. ടി. ചാക്കോ : വെരിഫിക്കേഷനിൽ ഉദ്യോഗത്തിനു് അർഹതയില്ലെന്നുള്ള റിപ്പോർട്ടുകൾ ഒക്കെ, കുറഞ്ഞതു് സക്കിൾ ഇൻസ്പെക്ടർ അന്വേഷിക്കും. ആ അന്വേഷണത്തിന്റെ ഉത്തരവാദിത്വം വ്യക്തിപരമായി ആ ഉദ്യോഗസ്ഥൻ ഏൽക്കണം എന്നു വ്യവസ്ഥയുണ്ടു്. ആ അന്വേഷണ റിപ്പോർട്ടു് ഗവണ്മെന്റു് പരിശോധിച്ചിട്ടു് അവസാന ഉത്തരവു പാസ്സാക്കും. വീണ്ടും പരാതി ഉണ്ടായാൽ, പരിശോധന ശരിയായ രീതിയിൽ നടന്നില്ല എന്നു പരാതി ഉണ്ടായാൽ, സക്കിൾ ഇൻസ്പെക്ടരെക്കൊണ്ടു അന്വേഷണം നടത്തിക്കും. അതനുസരിച്ചു് മുൻ അന്വേഷണത്തിൽ വല്ല പൈകല്യവും ഉണ്ടായിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി വേണ്ട നടപടി നടത്തും.

ശ്രീ. ഈ. പി. ഗോപാലൻ: സർ, ഒരു പായിന്റു് ആഫ് ആർഡർ. ഈ ചോദ്യത്തിൽ, (ഡി) വരെയുള്ള വകുപ്പുകൾക്കു മറുപടി പറഞ്ഞിട്ടുണ്ടു്. അതിൽനിന്നു് സ്വാഭാവികമായുണ്ടാവുന്ന, വിശദമായി അറിയേണ്ട ഒരു ചോദ്യത്തിനു്—1960 മുതൽ 1963 വരെയുള്ള കാലഘട്ടത്തിൽ പോലീസു് വെരിഫിക്കേഷൻമൂലം ജോലിനഷ്ടപ്പെട്ട ആളുകളുടെ സംഖ്യ പറയുന്നതു് പൊതുതാൽപര്യത്തെ മുൻനിറുത്തി സാദ്ധ്യമല്ല എന്നാണു് പറയുന്നതു്. മറ്റു ചോദ്യങ്ങൾക്കു് ഇന്നിന്ന കാരണങ്ങളാൽ അതു സംഭവിച്ചു എന്നു പറഞ്ഞിട്ടുണ്ടു്. ആ ദുഷ്പ്രവൃത്തിയുടെ ഫലമായി എത്രപേർക്കു് ജോലി നഷ്ടപ്പെട്ടു എന്ന കണക്കു ചോദിച്ചപ്പോൾ, 'പൊതുതാല്പര്യ'ത്തിന്റെ പേരിൽ ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നതു ശരിയാണോ ? (ഡി) വരെയുള്ള വകുപ്പുകൾക്കു ഉത്തരം പറഞ്ഞപ്പോൾ പൊതുതാൽപര്യമൊന്നും ബാധകമായിവന്നില്ല. ആ ദുഷ്പ്രവൃത്തികളുടെ ഫലം അക്കത്തിൽ പറയാൻ ആവശ്യപ്പെട്ടപ്പോൾ അതു പറയാതിരിക്കുന്നതു് ശരിയാണോ ? ഇതിൽ പൊതുതാൽപര്യമല്ല, ചെയ്തുപോയ ദുഷ്ടതയും, മനുഷ്യദ്രോഹവും മൂടിവയ്ക്കാനുള്ള ശ്രമമാണു് കാണുന്നതു്, എത്രയോ ആളുകളുടെ തൊഴിൽ നശിപ്പിച്ചതിനു കാരണം ചോദിക്കുമ്പോൾ അതിനു ശരിയായി മറുപടി പറയാൻ അങ്ങു നിർദ്ദേശിക്കണം. അല്ലെങ്കിൽ നിയമസഭയിൽ ഞങ്ങൾ ചോദ്യം ചോദിക്കുന്നതിനു് അർത്ഥമില്ലെന്നുവരും.

ശ്രീ. എ. എ. റഹിം: ഇതു് പായിന്റു് ആഫ് ആർഡറാണോ ?

ശ്രീ. ഈ. പി. ഗോപാലൻ: ഈമാതിരി കാര്യങ്ങൾക്കു് മറുപടിതരുന്നതിനെസംബന്ധിച്ചു് അങ്ങു ഒരു റൂളിംഗ് തരണം.

ശ്രീ. എം. നാരായണക്കുറുപ്പു്: ഒരു ചോദ്യത്തിന്റെ ഏതെങ്കിലും ഭാഗത്തിനു് ഉത്തരം തരുന്നതു് പൊതുതാൽപര്യത്തിനു ഹാനികരമാണോ അല്ലയോ എന്നു് നിശ്ചയിക്കേണ്ടതു് മറുപടി തരുന്ന ആളാണു്. അതിനു് വേറേ ഡിവിഷന്റെ ആവശ്യമില്ല.

WRITTEN ANSWERS

ചികിൽസാസൗകര്യങ്ങൾ

* 15. [16] ശ്രീ. എൻ. ഈ. ബലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റിൽ ചികിത്സാസൗകര്യങ്ങൾ തീരെ ലഭിക്കാത്ത പ്രദേശത്തെക്കുറിച്ചു് ഗവണ്മെന്റു് വല്ല സർവ്വെയും നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കണ്ണൂർജില്ലയിലെ വേങ്ങാട്, കൂടാളി, മുഴക്കുണ എന്നീ പ്രദേശങ്ങളിൽ ഓരോ ഡിസ്പെൻസറികളെങ്കിലും സ്ഥാപിക്കാൻ വേണ്ട നടപടികളും സ്വീകരിക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) ഇല്ല.

(ബി) കണ്ണൂർ ജില്ലയിൽ പുതുതായി ഡിസ്പെൻസറികൾ തുറക്കുമ്പോൾ ഈ പ്രദേശങ്ങളിലെ ആവശ്യങ്ങളുംകൂടി കണക്കിലെടുക്കുന്നതാണ്.

റിസർച്ച് സ്റ്റേഷൻ

* 16. [18] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റിൽ കൃഷിഡിപ്പാർട്ടുമെൻറിന്റെ കീഴിൽ എത്ര റിസർച്ച് സ്റ്റേഷനുകൾ ഉണ്ട് ;

(ബി) സ്റ്റേറ്റിൽ കേന്ദ്രത്തിന്റെ കീഴിൽ നടത്തുന്നത് എത്ര ;

(സി) ഏതെല്ലാം സ്റ്റേഷനുകളോടനുബന്ധിച്ച് ലാബറട്ടറികൾ ഉണ്ട് ;

(ഡി) സ്റ്റേറ്റിന്റെ കീഴിലുള്ള ലാബറട്ടറികൾക്കുവേണ്ടി കേന്ദ്രത്തിൽ നിന്നും ധനസഹായം ലഭിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ എത്ര ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്):

(എ) മുപ്പത്തിരണ്ട്. (പട്ടിക മേശപ്പുറത്തുവച്ചിട്ടുണ്ട്) *

(ബി) അഞ്ച്. (പട്ടിക മേശപ്പുറത്തുവച്ചിട്ടുണ്ട്) *

(സി) എല്ലാ പ്രധാനപ്പെട്ട സ്റ്റേഷനോടനുബന്ധിച്ചും ആവശ്യമായ ഉപകരണങ്ങളോടുകൂടിയ ചെറുതോതിലുള്ള ലാബറട്ടറികളും ഉണ്ട്.

(ഡി) കേന്ദ്രത്തിന്റെ മുഴുവൻ ധനസഹായത്താൽ നടത്തുന്ന സ്കീമുകൾക്കുവേണ്ടിയുള്ള ലാബറട്ടറി ഉപകരണങ്ങൾക്കായി മുഴുവൻ ചെലവും, ഭാഗികമായ ധനസഹായത്താൽ നടത്തുന്ന സ്കീമുകൾക്കുവേണ്ടിയുള്ള ലാബറട്ടറി ഉപകരണങ്ങൾക്കായി ഭാഗികമായ ചെലവും കേന്ദ്രഗവണ്മെൻറു വഹിക്കുകയാണ് പതിവു്. വിശദവിവരങ്ങൾ അടങ്ങിയ പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്. *

നെൽ കൃഷിക്കാർക്കു കൊടുത്ത വായ്പകൾ.

* 17. [20] ശ്രീ. എൻ. ഭാസ്കരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണസംഘങ്ങൾ മുഖാന്തിരം നെൽ കൃഷിക്കാർക്ക് കൊടുക്കുന്ന വായ്പകൾക്ക് എത്ര ശതമാനം പലിശ ഈടാക്കിവരുന്നുണ്ട് ;

(ബി) നിശ്ചിതശതമാനത്തിൽ കൂടുതൽ കൂടിശ്ശികയുള്ള സംഘങ്ങൾക്ക് വീണ്ടും കടമെടുക്കുന്നതിന് അർഹതയില്ലെന്നു എന്തെങ്കിലും നിബന്ധനയുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതുകൊണ്ട് വായ്പ അടച്ച അംഗങ്ങൾക്ക് വീണ്ടും കടമെടുക്കുന്നതിനു സാധിക്കാതെ വരുന്നില്ലേ ;

(ഡി) ഈ ബുദ്ധിമുട്ട് നീക്കുന്നതിനുവേണ്ട നടപടി നടത്തുമോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) എസ്സാകാലവായ്പയ്ക്ക് ഏഴേകാൽ ശതമാനവും മദ്ധ്യകാലവായ്പകൾക്ക് ഏഴേമുക്കാൽ ശതമാനവും പലിശ ഈടാക്കുന്നു.

(ബി) നിലവിലുള്ള നിബന്ധനകൾ അനുസരിച്ച് ക്ലിപ്ത സംഘങ്ങൾക്ക് 25 ശതമാനത്തിൽ കൂടുതൽ കുടിശ്ശികയുണ്ടെങ്കിലും ക്ലിപ്തരഹിത സംഘങ്ങൾക്ക് 33⅓ ശതമാനത്തിൽ കൂടുതൽ കുടിശ്ശികയുണ്ടെങ്കിലും കേന്ദ്രസംഘങ്ങളിൽനിന്നു വായ്പ കിട്ടുകയില്ല. ഈയിടെ നടന്ന സെൻട്രൽ ബാങ്കുകളുടെ ഒരു കൗൺഫറൻസിൽ കുടിശ്ശികയുടെ ശതമാനനിരക്ക് 40 ശതമാന-

* Appendix I

LIBRARY ARCHIVES Kerala Legislative Assembly